(സി) ഈ പരീക്ഷയിൽ ഏറ്റവും കൂടുതൽ ശതമാനം പാസ്സാകിയ പള്ളിക്കൂടം ഏതു്; ഏറ്റവും മോശമായതേതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 44.2 ശതമാനം വിദ്യാർത്ഥികൾ പാസ്സായി.

(ബി) 51532 വിദ്യാർത്ഥികൾ.

(സി) സെൻറ് മൈക്കൽസ് ഹൈസ്കൂൾ, പ്രവിത്താനം, സെൻറ് മേരീസ് ഹൈസ്കൂൾ, വെട്ടുകാട്, തിരുവനന്തപുരം.

ടി. എം. സി യിലെ പണിമുടക്കു്.

* 34. [38] ശ്രീ. പി. കെ. നാരായണൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ചവറ ടി. എം. സി. യിൽ പണിമുടക്കിനുള്ള കാരണങ്ങൾ എന്തൊക്കെ?;

(ബി) ഹൈട്ടൽ പ്ലാൻറിൽ എടുത്ത ജോലിക്കാർ ഈ വ്യവസായവുമായി ബന്ധമുള്ളവരാണോ;

(സി) ഈ പണിമുടക്കു് ഒഴിവാക്കുന്നതിനു് എന്തു നടപടിയാണു് ഗവണ്മെൻറ് എടുത്തിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടി. എം. സി. മാനേജ്മെൻറ് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് മുഖേന ഏതാനും നിയമനങ്ങൾ നടത്തിയതിൽ പ്രതിഷേധിച്ചു.

(ബി) ബഹുഭൂരിപക്ഷം പേരും ബന്ധമുള്ളവരാണെന്നാണു് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് അധികൃതർ രേഖപ്പെടുത്തിയിട്ടുള്ളതു്.

(സി) നിയമാനുസൃതമായ എല്ലാ നടപടികളും.

എയ്ഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ.

* 35. [39] ശ്രീ. ഡി. വേലായുധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് 1955 മാർച്ചുമാസത്തിനുശേഷം എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്;

(ബി) എല്ലാ അദ്ധ്യാപകർക്കും ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) നെയ്യാറിൻകര താലൂക്കിൽനിന്നും ഈ വിഷയത്തിൽ എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എന്തു പരാതിയാണു്;

(ഡി) എന്തു നടപടി നടത്തി;

LIBRARY ARCHIVES Kerala Legislative Assembly